(ഡി) ഈ അന്വേഷണത്തിനു് ഇവിടത്തെ സർവ്വീസിൽ പ്രാപ്തരായ ഉദ്യോഗസ്ഥന്മാർ ഇല്ലാത്തതുകൊണ്ടാണോ അദ്ദേഹത്തെ വരുത്തിയതു്;

(ഇ) ഈ അന്വേഷണത്തിന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥന്റെ ഏപ്പാടനുസരിച്ചു് ശബരിമല തീവയ്പ്പുസംബന്ധിച്ചുള്ള സത്യാവസ്ഥ അറിയുന്നതിനു് ഒരു പ്രശ്നക്കാരനെ സമീപിച്ചോ; പ്രശ്നക്കാരൻ കേസ്സു് തെളിയിച്ചോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള) :

(എ) ഉ—ൻ—ഫ ൻ ൽ ഠ ം-ലാണു്. രണ്ടു് ഇൻസ്പെക്ടറന്മാരെയും ഏതാനും ഹെഡ്കാൺസ്റ്റബിൾസിനേയും പോലീസുകാരേയും.

(ബി) ഇപ്പോൾ പറയുവാൻ സാദ്ധ്യമല്ല.

(സി) വിജനപ്രദേശത്തു നടന്ന ഒരു സംഭവമാകയാൽ തെളിവുകൾ ശേഖരിക്കുന്നതിനും മറ്റും കാലതാമസം ഉണ്ടാകുന്നതാണു്.

(ഡി) അല്ല.

(ഇ) ഇല്ല.

ഇൻഡസ്ട്രിയൽ സ്കൂൾ അദ്ധ്യാപകന്മാർ

*൨൫൬. (൨൫) ശ്രീ. ആൽബർട്ടു് ലോപ്പസ്സു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഇൻഡസ്ട്രിയൽ സ്കൂൾ അദ്ധ്യാപകന്മാക്കു് ഇപ്പോണ്ടിൽ എത്ര രൂപ വീതമാണു് സഹായധനം നൽകുന്നതു്;

(ബി) ഇപ്പോൾ കൊടുത്തുവരുന്ന സഹായധനം വളരെ കുറവാണെന്നും പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാക്കു് കൊടുക്കുന്ന തോതനുസരിച്ചെങ്കിലും കൂട്ടി കിട്ടണമെന്നു അവർ ബഹുമാനപ്പെട്ട ഗവണ്മെണ്ടിലേക്കു് നിവേദനം സമർപ്പിച്ചിട്ടുണ്ടോ?

വ്യവസായവും എക്സൈസും സഹായം ഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) തിരുവിതാംകൂർ വിഭാഗത്തിലെ ഇൻഡസ്ട്രിയൽ അദ്ധ്യാപകന്മാക്കു് ഫ ൻ രൂപ ൻ ണ. വീതം സഹായധനം നൽകുന്നുണ്ടു്. എന്നാൽ ടെക്നിക്കൽ എഡ്യുക്കേഷൻ കോഡിന്റെ പരിധിയിൽ പെടാത്ത ഏതാനും സ്ഥാപനങ്ങൾക്കു് ക്ലാസൊന്നിനു് ഫ ൻ രൂപ ഫ ഫ ണ. വീതവും ഗ്രാൻറു് നൽകുന്നുണ്ടു്. കൊച്ചി വിഭാഗത്തിൽ മാസംതോറും ഒരു മൊത്തുക (monthly lump sum grant) ഓരോ ഗ്രാൻറു് സ്കൂളിലേക്കും കൊടുത്തുവരുന്നതല്ലാതെ ഓരോ അദ്ധ്യാപകന്മാക്കും പ്രത്യേകമായ സഹായധനം കൊടുക്കുന്നില്ല.

(ബി) സംയോജനത്തിനുശേഷം കൊച്ചി വിഭാഗത്തിൽനിന്നും ഇപ്രകാരം ഒരു നിവേദനം സമർപ്പിച്ചിട്ടുള്ളതായി അറിവില്ല. എന്നാൽ തിരുവിതാംകൂർ വിഭാഗത്തിൽനിന്നും ഇതിലേക്കു് നിവേദനങ്ങൾ ലഭിച്ചിട്ടുള്ളതും അയയ്ക്കുന്നതു് ഗവണ്മെണ്ടിന്റെ പരിഗണനയിൽ ഇരിക്കുന്നതുമാകുന്നു.

AMOUNT SPENT FOR CASES

*282. [82] **Sri. T. P. Sitaraman:** Will the Hon'ble Chief Minister be pleased to state.—

(a) how much amount the Government have spent so far for the Damodaran Case; and

(b) for the Sitaram Case?

LIBRARY ARCHIVES Kerala Legislative Assembly

Chief Minister [Sri. T. K. Narayana Pillai]:

(*a*) About Rs. 30,000.

(*b*) Rs. 620.

പരസ്യങ്ങൾ

*൨൬൩. (൨൩൨) ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) പത്രങ്ങൾക്ക് കൊടുക്കുന്ന ഗവൺമെണ്ടുവക പരസ്യങ്ങൾക്കു കഴിഞ്ഞ രണ്ടു കൊല്ലങ്ങളിൽ എന്തു ചെലവു വന്നിട്ടുണ്ട്;

(ബി) പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്ന പത്രങ്ങൾ ഏവ;

(സി) ഈ വകയിൽ ഓരോ പത്രവും എത്ര സംഖ്യവീതം സർക്കാരിൽ നിന്നും വാങ്ങിച്ചിട്ടുണ്ട്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ, ബി) സഭാ രേഖ 6-ാം നമ്പർ ചോദ്യത്തിനുള്ള ഉത്തരം നോക്കുക.

(സി) ഒന്നാം ചോദ്യത്തിനുള്ള ഉത്തരംകൊണ്ട് ഈ ചോദ്യം ഉദിക്കുന്നില്ല.

ലോൺ

*൨൬൪. (൨൩ ൪) ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി നൽകുമോ.—

(എ) അഴകപ്പാമില്ലിലേക്ക് ഗവൺമെണ്ടിൽനിന്നും പത്തുലക്ഷം ഉറപ്പിക കടംകൊടുപ്പാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇപ്പോൾ എത്ര സംഖ്യ കൊടുത്തു;

(സി) എന്തു വ്യവസ്ഥയിന്മേൽ;

(ഡി) മേൽനോട്ടത്തിനായി ഗവൺമെണ്ടിൽനിന്നും ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടോ?

വ്യവസായവും എക്സൈസും സഹായം ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ, ബി) പത്തുലക്ഷം ഉറപ്പിക കടം കൊടുത്തു.

(സി) പ്രധാന വ്യവസ്ഥകൾ താഴെ പറയുന്നു.

അ. കമ്പനിവക സ്വത്തുക്കൾ സർക്കാരിലേക്ക് പണയപ്പെടുത്തി

ഉ. വായ്പസംഖ്യക്ക് അഞ്ചുശതമാനം പലിശ കണക്കാക്കി

ന. മാസത്തിൽ പതിനയ്യായിരം ഉറപ്പികയും പലിശയും മടക്കി അടക്കണം

ര. തൊഴിൽകാക്കും ക്ഷീരവകുപ്പിലേക്കും കൊടുക്കുവാനുള്ള സംഖ്യ ക്രമപ്രകാരം കമ്പനി കൊടുത്തുകൊള്ളണം

ഘ. രണ്ടു ഡയറക്ടറന്മാരെ നിയമിക്കുന്നതിനുള്ള അവകാശം ഗവൺമെണ്ടിലേക്ക് ഉണ്ടായിരിക്കണം

ന്യ. കരാറപ്രകാരം ഗവൺമെണ്ടിലേക്ക് പിരിയുവാനുള്ള സംഖ്യയിൽ കമ്പനി മുടക്കുവരുത്തുന്നപക്ഷം നികുതി ബാക്കി പിരിവു നിയമപ്രകാരം ഗവൺമെണ്ടിനു് അപ്രകാരം മുടക്കുവരുത്തിയ സംഖ്യ പിരിക്കാവുന്നതാണ്.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly